# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് :- ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.333/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 6.02.2013

---

പരാമർശം:- 1. 28.5.2012 ലെ 41234/DD1/11/തസ്വഭ നം.സർക്കുലർ
2. സ.ഉ.(കൈ) നം.2/12/തസ്വഭവ തീയതി 2.1.12
3. സ.ഉ.(കൈ) നം.68/12/തസ്വഭവ തീയതി 16.3.2012

## ഉത്തരവ്

**ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണം പരമാവധി 40 ചതുരശ്രമീറ്ററായിരിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ തറവിസ്തീർണ്ണം കൂടി ഗുണഭോക്താവുമായുള്ള കരാറിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം പരാമർശം, പ്രകാരം പുറപ്പെടുവിച്ചിരുന്നു.**

**ഇന്ദിരാ ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് ജനറൽ/എസ്.സി വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗത്തിനും യഥാക്രമം 2 ലക്ഷം,2.50 ലക്ഷം രൂപയായി പരാമർശം 2,3 പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഇന്ദിരാ ആവാസ്‌യോജന പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണം 40 ച.മീറ്ററിൽ നിന്നും 66 ചതുരശ്രമീറ്ററായി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജി. ശിവപ്രസാദ്,
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഐ.കെ.എം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ